സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡ് - സർവ്വീസ് പെൻഷൻകാർ മരണമടയുമ്പോൾ മരണാനന്തര ചടങ്ങുകൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന സംഗതി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: ROC No. 8003/16/Est-I　　　　നന്തൻകോട്, 17 .02.2025

---

പരാമർശം :-

1. 21-04-2017 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
2. 03-10-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3. 11-12-2018 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
4. 13-03-2019 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
5. 03-02-2025 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എക്സ്ഗ്രേഷ്യാ വാങ്ങുന്ന പെൻഷൻകാർ മരണമടയുമ്പോൾ, മരണാനന്തര ചടങ്ങുകൾക്ക് 5,000/- (അയ്യായിരം) രൂപ ധനസഹായം അനുവദിച്ചു (പരാമർശം 1).

തുടർന്ന്, സർവ്വീസ് പെൻഷൻകാർ മരണമടയുമ്പോൾ, മരണാനന്തര ചടങ്ങുകൾക്ക് സൂചന (2) പ്രകാരം 1000/- (ആയിരം) രൂപ ധനസഹായം അനുവദിക്കുകയും പരാമർശം (4) പ്രകാരം ടി ധനസഹായം 5,000/- (അയ്യായിരം) രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.

ടി തുക കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണെന്ന് ബോർഡ് വിലയിരുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സർവ്വീസ് പെൻഷൻകാർ മരണമടയുമ്പോൾ, മരണാനന്തര ചടങ്ങുകൾക്കായി നിലവിൽ നൽകിവരുന്ന ധനസഹായം 5,000/- (അയ്യായിരം) രൂപയിൽ നിന്നും 7,500/- (ഏഴായിരത്തി അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിച്ച് ബോർഡ് ഉത്തരവാകുന്നു.

2T

പരാമർശം (3) ലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് മാത്രം തുക ചെലവെഴുതി നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും ഐ. റ്റി. ഡിവിഷൻ
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി
'സി' സെക്ഷൻ